# ‘നീതിമാൻ’

## സങ്കീർത്തനങ്ങൾ 34:17

“നീതിമാൻ നിലവിളിച്ചു യഹോവ കേട്ടു; സകല കഷ്ടങ്ങളിൽ നിന്നും അവനെ വിടുവിച്ചു.”

നമുക്ക് എല്ലാവർക്കും വളരെ പരിചിതമായ ഒരു വേദവാക്യമാണിത്. ഈ വാക്യത്തിൽ നിന്നും ഒരു കാര്യം വ്യക്തമാണ് നീതിമാന്മാർക്കും കഷ്ടത ഉണ്ട്. എന്നാൽ അവയിൽ നിന്നെല്ലാം അവനെ വിടുവിക്കാൻ മതിയായ ഒരു ദൈവം അവന്റെ കൂടെയുണ്ട്. നീതിമാന്റെ നിലവിളിക്ക് ചെവി ചായിക്കുന്ന ഒരു ദൈവത്തെയാണ് നാം ഇവിടെ കാണുന്നത്. നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു എന്ന് വചനം പറയുന്നു. അതുകൊണ്ട് അനർത്ഥങ്ങളുടെയും കഷ്ടങ്ങളുടെയും നടുവിൽ നിൽക്കുമ്പോൾ നാം ഒരു നീതിമാൻ എങ്കിൽ നമുക്ക് ഭയപ്പെടേണ്ടതില്ല. എന്നാൽ നീതിമാൻ അല്ലെങ്കിലോ? ‘അനർത്ഥം ദുഷ്ടനെ കൊല്ലുന്നു” (സങ്കീ. 34:21) എന്ന് വചനം പറയുന്നു.

അതു കൊണ്ട് നമുക്ക് ദൈവത്തിന്റെ മുൻപിൽ നീതിമാന്മാരായി തീരാൻ തക്കവണ്ണം ജീവിതത്തെ ഒരുക്കാം. വിശുദ്ധിയോടെ ഓരോ നിമിഷവും ജീവിക്കാം. ദോഷം ചെയ്യാതെ ഗുണം ചെയ്ത് സമാധാനത്തെ അന്വേഷിക്കുന്നവരാകാം. ദൈവത്തിന്റെ ന്യായപ്രമാണം ഹൃദയത്തിൽ സൂക്ഷിക്കുന്നവരാകാം. അങ്ങനെയെങ്കിൽ നീതിമാന്മാരെ താങ്ങുന്ന യഹോവയുടെ കരങ്ങളുടെ ശക്തി നമുക്കും അനുഭവിപ്പാൻ ദൈവം കൃപ നൽകും. അപ്പോൾ ദുഷ്കാലത്തു ലജ്ജിക്കാതെയും, ക്ഷാമകാലത്തു തൃപ്തരായിരിക്കാനും, കൃപാലുവായി ദാനം ചെയ്യുവാനും ദൈവം സഹായിക്കും. അതിനായി ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

പരാമർശം :

സങ്കീർത്തനങ്ങൾ 34:15

“യഹോവയുടെ കണ്ണ് നീതിമാന്മാരുടെമേലും; അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു.”

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 025